## 1-19 കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ,-പരിരക്ഷാ പ്രവർത്തനങ്ങൾ-സാധനങ്ങൾ ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം : - S0071/22

പ്രോജക്ടിന്റെപേര് : - കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ,പരിരക്ഷാ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ:- സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ബിൽ നം/ചെക്ക് നം/തീയതി |
|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 101470 | 73500 | 7/21-22/ 26.7.21 |
| തനത്ഫണ്ട് | 98530 | 78652 | 1437737/ 19.7.21 |
| ആകെ | 200000 | 152152 | |

1)73500/-രൂപ പ്രധാനമന്ത്രി ജൻ ഔഷധി കേന്ദ്രയുടെ 009506700001990 നം.അക്കൗണ്ടിലേക്ക് നൽകി.

ജൻ ഔഷധി കേന്ദ്രയുടെ 15.6.21 തീയതിയിലെ SC0004492 നം.ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം താഴെ കൊടുക്കുന്നു.

| Item | Rate | Qty | Amount |
|---|---|---|---|
| Biosensor Covid-19 Standard | 140 | 500 | 70000 |
| Cgst | | | 1750 |
| Sgst | | | 1750 |
| Total | | | 73500 |

2) 78652/-രൂപ Aztrazivixa Life Life Sciences Pvt Ltd ന്റെ 2682201000390 നം.അക്കൗണ്ടിൽ നൽകി.

Aztrazivixa Life Life Sciences Pvt Ltd ന്റെ 21.6.21 തീയതിയിലെ 1001 നം. ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരം താഴെ കൊടുക്കുന്നു.

| Item | Rate | Qty | Amount |
|---|---|---|---|
| Biosensor Covid-19 Standard | 140 | 530 | 74200 |
| Cgst | | | 1855 |
| Sgst | | | 1855 |
| Kerala Flood Cess(1%) | | | 742 |
| Total | | | 78652 |

അപാകതകൾ ചുവടെ ചേർക്കുന്നു.

Biosensor സ്റ്റോക്കിൽ എടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും രേഖകൾ ഹാജരാക്കിയില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 33/ 01.03.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 152152/-രൂപ (73500+78652)തടസ്സപ്പെടുത്തുന്നു.

## 1-20 സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന മെറ്റിൽ ഉപയോഗിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം ഒന്നാം മെറ്റലിംഗ് നടത്തിയിട്ടുള്ള റോഡുകളിൽ ഇളകി കിടക്കുന്ന ഭാഗം 150mm കനത്തിൽ സ്കാരിഫൈയിംഗ് നടത്തി പവർറോളർ ഉപയോഗിച്ച് ഉറപ്പിച്ചതിനു ശേഷം പുറമേ ഗ്രാവൽ ഫില്ലിംഗും GSB യും ചെയ്ത് അതിനു പുറമേ WMM, 15 Cm കനത്തിൽ ചെയ്ത് ടാറിംഗ് നടത്തുന്നു. CPWD സ്പെസിഫിക്കേഷൻ 16.9 പ്രകാരം $100M^2$ (WBM)മെറ്റിൽ ചെയ്ത ഭാഗം സ്കാരിഫൈ ചെയ്തു കഴിയുമ്പോൾ ഉപയോഗയോഗ്യമായ $4m^3$ സ്റ്റോൺ അഗ്രിഗേറ്റ് ലഭിക്കും. ഇത് വേർതിരിച്ച് മെറ്റിലിംഗിന് വിനിയോഗിക്കാതെ റോഡ് പുനർ നിർമ്മിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | അളവു പുസ്തകം | സ്കാരിഫൈയിംഗ് നടത്തിയ അളവ് | ലഭിക്കുന്ന സ്റ്റോൺ അഗ്രിഗേറ്റ് | Wmm 15cm ചെയ്തപ്പോഴുള്ള അളവും | ഉപയോഗയോഗ്യമായ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാ |
|---|---|---|---|---|---|

| | | | | തുകയും | തിരിക്കുമ്പോഴുള്ള അധികച്ചെലവിന്റെ വിവരം |
|---|---|---|---|---|---|
| കണ്ണോലിൽ കടകശ്ശേരിൽ റോഡ് മെറ്റലിംഗ് – ടാറിംഗ് | 53/21 | 390 $M^2$ | 15.6 $M^3$ | 96.75 $M^3$ @3229.09 = 312415/- | 15.6 $M^3$ @3229.09 = 50374/- |
| മഞ്ഞിപ്പുഴ- പ്രശാന്തി റോഡ് ടാറിംഗ് | 27/21 | 270 $M^2$ | 10.80 $M^3$ | 138.938 $M^3$ @3145 = 436960 | 10.80 @3145= 33966/- |
| അരവിന്ദ ഭവനം – ആല്ലുംമൂട്ടിൽ റോഡ് മെറ്റിലിംഗ് &ടാറിംഗ് | 28/21 | 256 $M^2$ | 10.24 | 58.5 $M^3$ @3229.09 = 188902 | 10.24 @3229.09 = 33066/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/26-02-23) റോഡ് വെള്ളക്കെട്ടായതിനാൽ ഉയർത്തി ചെയ്യേണ്ടത് ആവശ്യമായതിനാലാണ് ഇപ്രകാരം ചെയതതെന്നാണ് മറുപടി നൽകിയിരിക്കുന്നത്.

വ്യക്തമായ ആസൂത്രണത്തിന്റെ അഭാവമാണ് ഇത്തരത്തിൽ സംഭവിക്കാനിടയായതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. അതിനാൽ മുൻ വർഷങ്ങളിൽ ഒന്നാം മെറ്റിലിംഗിന് ചെലവഴിച്ച തുക പാഴാകുന്നു. 100mm കനത്തിൽ ഒന്നാം മെറ്റലിംഗ് നടത്തിയിട്ടുള്ള റോഡുകൾ മേൽ സൂചിപ്പിച്ച രീതിയിൽ ഉയർത്തേണ്ടി വരുമ്പോൾ, സ്കാരിഫൈ ചെയ്തു കഴിയുമ്പോൾ ലഭിക്കുന്ന ഉപയോഗയോഗ്യമായ സ്റ്റോൺ അഗ്രിഗേറ്റ് WMM ചെയ്യുന്നതിന് വിനിയോഗിക്കുന്നത് അധികച്ചെലവ് ഉണ്ടാകാതിരിക്കാൻ സഹായിക്കും. അതിനാൽ ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ആദായ നികുതി ഈടാക്കിയതിൽ കുറവ് - 7217/-

| | |
|---|---|
| പ്രോജക്ട് | ബ്രഡ് കമ്പനി -കാരാവള്ളിൽ റോഡ് അഴുക്ക് ചാൽ |
| പ്രോജക്ട് നമ്പർ | S0136/22 |
| കരാറുകാരൻ | കൈരളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് |
| അളവുപുസ്തകം | 75/21 ,64/21 ,60/21 |
| ചെലവു വിവരം | ബിൽ നമ്പർ 306/27-03-22 രൂപ 514906/-<br>ബിൽ നമ്പർ 97/15-11-22 രൂപ 293384/- |
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 721688/- |

ബ്രഡ് കമ്പനി കാരാവള്ളിൽ റോഡ് അഴുക്ക് ചാൽ എന്ന പ്രവൃത്തിയുടെ കരാറുകാർ കൈരളി ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ആണ്. അതിനാൽ ഈ സ്ഥാപനത്തിൽ നിന്നും 2% നിരക്കിൽ ആദായ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ആദായ നികുതിയിനത്തിൽ 1% മാത്രമാണ് (7217/-)ഈടാക്കിയിട്ടുള്ളത്. കുറവു വന്ന തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| ചെയ്ത പ്രവൃത്തിയുടെ മൂല്യം | 721688/- |
| ഈടാക്കേണ്ടുന്ന ആദായ നികുതി 2% | 14434 |
| ഈടാക്കിയ നികുതി 1% | 7217 |
| കുറവ് | 7217 |

കുറവു വന്ന തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/26-02-23) കുറവു വന്ന തുക കരാറുകാരന്റെ റിട്ടെൻഷൻ തുകയിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 ഫൈൻ ഈടാക്കിയില്ല – നഷ്ടം - 3840/-

| | |
|---|---|
| പ്രോജക്ട് | 46-ാം നമ്പർ അംഗൻവാടി പുനരുദ്ധാരണം |
| പ്രോജക്ട് നമ്പർ | S0157/21 |
| കരാറുകാരൻ | ബാലകൃഷ്ണൻ |
| അളവുപുസ്തകം | 29/20-21 , 30/20-21 , 35/20-21 |
| ചെലവു വിവരം | ബിൽ നമ്പർ 86/28-10-21 രൂപ 630818/- |

46-ാം നമ്പർ അംഗൻവാടി പുനരുദ്ധാരണത്തിനായുള്ള കരാർ 5/AE/LSGD/CPD/22-06-20 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്നത് 21.08.20 ലാണ്. ലോക്ക് ഡൗണും കൊറോണയും കാരണം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ പൂർത്തീകരിക്കാനുള്ള സമയം 31-03-21 വരെ ദീർഘിപ്പിച്ചു നൽകാൻ തീരുമാനിച്ചു. ( 03-02-21 ലെ 9/1 നമ്പർ തീരുമാനം ). എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 31-05-21ലാണ്.( അളവു പുസ്തകം 30/20-21 പേജ് 37). എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ ഫൈൻ ഈടാക്കിയില്ല. PWDമാന്വൽ 21112.1 പ്രകാരം കരാറുകാരന്റെ പിഴവു മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ട ഘട്ടത്തിൽ ബിഡ്ഡിംഗ് ഡോക്യുമെന്റിൽ പരാമർശിച്ച നിരക്കിൽ പിഴ ചുമത്താവുന്നതാണ്. ഇതനുസരിച്ച് ഈടാക്കേണ്ടുന്ന പിഴയുടെ വിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| PAC | 575940 |
| വരുത്തിയ കാലതാമസം | 2 മാസം (01-04 21 മുതൽ<br>31- 05-21 വരെ ) |
| ഈടാക്കേണ്ടുന്ന ഫൈൻ ആദ്യത്തെ 3മാസത്തേക്ക്1% | 575940 X1/100 X 60/90 = 3840/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 10/26-02-23) ടി തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-23 തൊഴിലുറപ്പുപദ്ധതി - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല - നഷ്ടം 28622/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത നിർമ്മാണ പ്രവൃത്തികൾക്ക് കരാർ പ്രകാരം സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | കോനോത്ത് മുക്ക് -പന്നാകുളങ്ങര വരെ മണ്ണിട്ടുയർത്തൽ | വിജയൻ | 226967 | 2270 | 09-03-22 |
| 2 | കുന്നേപ്പറമ്പിൽ നടപ്പാത ഗ്രാവലിംഗ് | വിജയൻ | 139293 | 1393 | 18-03-22 |
| 3 | അമ്പോളവയൽ നടപ്പാത ഗ്രാവലിംഗ് | വിജയൻ | 284185 | 2842 | 09-03-22 |
| 4 | കാഞ്ഞിരം പറമ്പത്ത് നടപ്പാത ഗ്രവലിംഗ് | വിജയൻ | 116937 | 1169 | 18-03-22 |
| 5 | ചിറയാടിയിൽ നടപ്പാത | വിജയൻ | 167358 | 1674 | 18-03-22 |
| 6 | അംഗൻവാടി 60 ൽ നടപ്പാത | വിജയൻ | 162582 | 1626 | 09-03-22 |
| 7 | മുകേഷ് ഭവനം ശ്രീ ഭവനം നടപ്പാത | വിജയൻ | 79058 | 791 | 18-03-22 |
| 8 | കാത്തേപ്പള്ളിൽ നടപ്പാത | രജി .സി വർഗ്ഗീസ് | 133773 | 1338 | 31-03-22 |

| | | | | | |
|---|---|---|---|---|---|
| 9 | SNDP മന്ദിരം സബ് കനാൽ ഇാക്കുഴവേലിൽ നടപ്പാത | രജി .സി വർഗ്ഗീസ് | 361777 | 3618 | 31-03-22 |
| 10 | SNDP കബീർ മൻസിൽ നടപ്പാത നിർമ്മാണം | രജി .സി വർഗ്ഗീസ് | 212456 | 2125 | 31-03-22 |
| 11 | കൊല്ലപ്പള്ളിൽ മുഞ്ഞിനാട്ട് തരയിൽ നടപ്പാത | രജി .സി വർഗ്ഗീസ് | 354490 | 3545 | 31-03-22 |
| 12 | കളപ്പുരയിൽ വിശ്വഭവനം നടപ്പാത | വിശാൽ വിശ്വൻ | 101216 | 1012 | 31-03-22 |
| 13 | അഞ്ചുമാമ്മൂട് നടപ്പാത | വിശാൽ വിശ്വൻ | 144968 | 1450 | 31-03-22 |
| 14 | പുത്തൻപുരയ്ക്കൽ കൊട്ടയ്ക്കാട്ട് നടപ്പാത | ശ്രീകുമാർ | 239226 | 2392 | 24-01-22 |
| 15 | നാടാലക്കൽ നടപ്പാത | ശ്രീകുമാർ | 137736 | 1377 | 24-01-22 |
| | ആകെ | | | 28622 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21/1-03-23) കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-24 തൊഴിലുറപ്പപദ്ധതി - മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരുടെ ബില്ലിൽ നിന്നും ജിഎസ്സ്ടി കുറവ് ചെയ്തില്ല - നഷ്ടം 20010/-

താഴെപ്പറയുന്ന റോഡ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റീരിയൽസ് സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരന് 2.5 ലക്ഷം രൂപയിൽ അധികം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ജിഎസ്സ്ടി കുറവ് ചെയ്തിട്ടില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മിഷൻ ഡയറക്ടർ 30/07/19 ൽ പുറപ്പെടുവിച്ചിട്ടുള്ള നം.957/ഇജിഎസ്സ്/16/ആർഇജിഎസ്സ് സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം, 2017 ലെ CGST/SGST നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ, അതിന് മുകളിലോ മൂല്യമുള്ള വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരൻ/ വ്യാപാരിയിൽ നിന്നും 2% തുക GST ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് GST വകുപ്പിൽ ഒടുക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം നിർവ്വഹിച്ചിട്ടുള്ള താഴെപ്പറയുന്ന മെറ്റീരിയൽ പ്രവർത്തികളിൽ കരാറുകാരനിൽ നിന്നും ഇപ്രകാരം കിഴിവ് വരുത്താതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | അമ്പോളവയൽ നടപ്പാത ഗ്രാവലിംഗ് | വിജയൻ | 284185 | 5684 | 09-03-22 |
| 2 | SNDP മന്ദിരം സബ് കനാൽ ഇാക്കുഴവേലിൽ നടപ്പാത | രജി .സി വർഗ്ഗീസ് | 361777 | 7236 | 31-03-22 |
| 3 | കൊല്ലപ്പള്ളിൽ മുഞ്ഞിനാട്ട് തരയിൽ നടപ്പാത | രജി .സി വർഗ്ഗീസ് | 354490 | 7090 | 31-03-22 |
| | ആകെ | | | 20010 | |

ടി കരാറുകാരിൽ നിന്നും നികുതികൾ സോഴ്സ് ഡിഡക്ഷൻ നടത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറിക്ക് (നം. 22/1-03-23) കരാറുകാരിൽ നിന്നും ജി.എസ്സ്.ടി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം

അറിയിക്കേണ്ടതാണ്.

## 1-25 സിമന്റിന് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകി.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്ക് സെക്യൂർ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 8200/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 410രൂപ) അനുവദിച്ച നൽകിയിട്ടുള്ളത്. എന്നാൽ കരാറുകാർക്ക് 50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614രൂപ നിരക്കിലാണ് തുക അനുവദിച്ചിരിക്കുന്നത് . കരാറുകാരൻ സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ ബില്ലിൽ 50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 615രൂപയാണ് കാണിച്ചിരിക്കുന്നത്.സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു.(തൊഴുത്ത് നിർമ്മാണത്തിന് ഗുണഭോക്താവായ രശ്മിജനാർദ്ദനൻ ഹാജരാക്കിയ ചാപ്രയിൽ ഹാർഡ് വെയേഴ്സിന്റെ 04-02-22ലെ 62-നമ്പർ ബിൽ പ്രകാരം രാകോം സിമന്റിന്റെ വില ഒരു ചാക്കിന് 400രൂപ ആയിരുന്നു.)ഇപ്രകാരം സിമന്റിന് ഉയർന്ന നിരക്കിൽ വില അനുവദിച്ച് നൽകിയത് മൂലം 2021-22 വർഷം അധിക ചെലവുണ്ടായ പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | അളവു പുസ്തകം | ഒരു ചാക്കിന് 614. രൂപ നിരക്കിൽ നൽകിയ തുക | എസ്റ്റിമേറ്റ് പ്രകാരം അനുവദനീയമായ തുക @410/ബാഗ് | അധികം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|---|---|
| 1 | കാത്തേപ്പള്ളിൽ നടപ്പാത | രജി .സി വർഗ്ഗീസ് | 68/21-22 | 64 @614 = 39296 | 64 @410 = 26240 | 13056 | 31-03-22 |
| 2 | SNDP മന്ദിരം സബ് കനാൽ ഇാക്കുഴവേലിൽ നടപ്പാത | രജി .സി വർഗ്ഗീസ് | 71/21-22 | 178 @614 = 109292 | 178 @410 = 72980 | 36312 | 31-03-22 |
| 3 | കൊല്ലപ്പള്ളിൽ മുഞ്ഞിനാട്ട് തറയിൽ നടപ്പാത | രജി .സി വർഗ്ഗീസ് | 67/21-22 | 176 @614 = 108064 | 176 @410 = 72160 | 35904 | 31-03-22 |
| 4 | കളപ്പുരയിൽ വിശ്വഭവനം നടപ്പാത | വിശാൽ വിശ്വൻ | 64/21-22 | 50 @614 = 30700 | 50 @ 410 = 20500 | 10200 | 31-03-22 |
| 5 | കൊച്ചുപുരയിൽ നടപ്പാത | വിശാൽ വിശ്വൻ | 66/21-22 | 175 @614 = 107450 | 175 @ 410 = 71750 | 35700 | 31-03-22 |
| 6 | അഞ്ചുമാമ്മൂട് നടപ്പാത | വിശാൽ വിശ്വൻ | 65/21-22 | 70 @614 = 42980 | 70 @410 = 28700 | 14280 | 31-03-22 |
| | ആകെ | | | | | 145452 | |

സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല. അതിനാൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 23/1-03-23) കരാറുകാരിൽ നിന്നും അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

,മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP/AW/20 /2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് നിലവിലെ മാർക്കറ്റ് റേറ്റിന് പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് നൽകാൻ പാടില്ലായെന്നും, നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ച മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ മറ്റു പ്രവൃത്തികൾക്ക് തുക അനുവദിക്കാവൂ.

## 1-26 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കുന്നില്ല

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാനിടയായി. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഒരു ഘനമീറ്റർ 1:4:8 സിമൻറ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 40 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.65 $M^3$ ഉം 20 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.24 ഉം ആവശ്യമാണ്. അതുപോലെ ഒരു ഘനമീറ്റർ 1:2:4 സിമന്റ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 20mm സ്റ്റോൺ അഗ്രിഗേറ്റ് 0.67 $M^3$ ഉം 10 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.22 ഉം ആവശ്യമാണ്. തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത

താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 സിമന്റ് കോൺക്രീറ്റിംഗിന് 10mm സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് ഗുണമേന്മയെ ബാധിക്കാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തി | അളവു പുസ്തകം | 1:2;4സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവ് | ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | ഉപയോഗിച്ച അളവ് | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|---|
| 1 | കാത്തേപ്പള്ളിൽ നടപ്പാത | 68/21-22 | 5.122$m^3$ | 20mm -3.43$m^3$ 10mm --1.13$m^3$ | 20mm -3.43$m^3$ 10mm -- ഇല്ല | 31-03-22 രൂപ 133723/- |
| 2 | SNDP മന്ദിരം സബ് കനാൽ ഇടക്കുഴവേലിൽ നടപ്പാത | 71/21-22 | 13.80 $M^3$ | 20mm -9.246$m^3$ 10mm -3.036$m^3$ | 20Mm -9.246$m^3$ 10mm – ഇല്ല | 31-03-22 രൂപ 212456 |
| 3 | കൊല്ലപ്പള്ളിൽ മുഞ്ഞിനാട്ട് തറയിൽ നടപ്പാത | 67/21-22 | 13.50 $M^3$ | 20mm -9.045$m^3$ 10mm -2.97$m^3$ | 20Mm -9.045$m^3$ 10mm – ഇല്ല | 31-03-22 രൂപ 354490/- |
| 4 | കളപ്പുരയിൽ വിശ്വഭവനം നടപ്പാത | 64/21-22 | 3.85 $M^3$ | 20mm -2.58$m^3$ 10mm -0.847$m^3$ | 20mm -2.58$m^3$ 10mm – ഇല്ല | 31-03- 22 രൂപ 101216/- |
| 5 | കൊച്ചുപുരയിൽ നടപ്പാത | 66/21-22 | 13.50 $M^3$ | 20mm -9.045$m^3$ 10mm -2.97$m^3$ | 20mm -9.045$m^3$ 10mm – ഇല്ല | 31-03-22 രൂപ 353289/- |
| 6 | അഞ്ചുമാമ്മൂട് നടപ്പാത | 65/21-22 | 4.98 $M^3$ | 20mm -3.34$m^3$ 10mm -1.10$m^3$ | 20mm -3.34$m^3$ 10mm – ഇല്ല | 31-03-22 രൂപ 144968/- |
| 7 | പുത്തൻപുരയ്ക്കൽ കൊട്ടയ്ക്കാട്ട് നടപ്പാത | 154/19-20 | 15.30 $M^3$ | 20Mm -10.25$m^3$ 10mm -3.37$m^3$ | 20Mm -10.25$m^3$ 10mm – ഇല്ല | 24-01-22 രൂപ 239226/- |
| 8 | നാടാലക്ക്ൽ നടപ്പാത | 252/19-20 | 9.015 $M^3$ | 20Mm -6.04$m^3$ 10mm -1.983$m^3$ | 20Mm -6.04$m^3$ 10mm – ഇല്ല | 24-01-22 രൂപ 137736/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/01-03-23), 20mm മെറ്റലിൽ തന്നെ 10mm ന്റേയും മിശ്രിതം ഉണ്ടായിരുന്നതിനാലാണ് പ്രത്യേകമായി സപ്ലൈചെയ്യാതിരുന്നതെന്നും 10mm വീണ്ടും ഉപയോഗിച്ചാൽ കോൺക്രീറ്റിന്റെ ഗുണമേന്മയെ ബാധിക്കുമായിരുന്നുഎന്നുമാണ് മറുപടി നൽകിയിരിക്കുന്നത്.ഇതു മൂലം കോൺക്രീറ്റിന് ഗുണമേന്മ കുറവു ഉണ്ടായിട്ടില്ലെന്നുമാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്.

ഒരു ഘനമീറ്റർ 1:4:8 സിമൻറ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 40 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.65 $M^3$ ഉം 20 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.24 ഉം ആവശ്യമാണ്. അതുപോലെ ഒരു ഘനമീറ്റർ 1:2:4 സിമന്റ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 20mm സ്റ്റോൺ അഗ്രിഗേറ്റ് 0.67 $M^3$ ഉം 10 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.22 ഉം ആവശ്യമാണ്. ഈ രണ്ടു കോൺക്രീറ്റിനും ആവശ്യമായ 20mm മെറ്റിൽ മാത്രമാണ് സ്റ്റാക്ക് ചെയ്ത് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. മേൽമറുപടിയുടെ അടിസ്ഥാനത്തിൽ 20mm മെറ്റലിൽ തന്നെ 10mm ന്റേയും മിശ്രിതം ഉണ്ടായിരുന്നതിനാലാണ് പ്രത്യേകമായി സപ്ലൈചെയ്യാതിരുന്നതെന്ന് പരിഗണിച്ചാൽ ഈ പ്രവൃത്തികൾക്ക് ആവശ്യമായ അളവിൽ 20mm സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിച്ചില്ല എന്ന് വ്യക്തമാണ്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | പ്രവൃത്തി | 1:4:8 സിമൻറ് കോൺ ക്രീറ്റിംഗ് നടത്തിയ അളവും ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 1:2;4സിമൻറ് കോൺക്രീറ്റിംഗ് നടത്തിയ അളവും ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 1:4:8 ,1 :2;4 സിമൻറ് കോൺ ക്രീറ്റിംഗിന് ആവശ്യമായ സ്റ്റോൺ അഗ്രിഗേറ്റ് | 20 Mm സ്റ്റോൺ അഗ്രിഗേറ്റും 10 Mm സ്റ്റോൺ അഗ്രിഗേറ്റും കൂടി ആവശ്യമായ അളവ് | 20mm ഉപയോഗിച്ച അളവ് | കുറവ് |
|---|---|---|---|---|---|---|---|
| 1 | കാത്തേ പ്പള്ളിൽ നടപ്പാത | 10.245 $M^3$<br>40mm- 6.65$m^3$<br>20mm – 2.458$m^3$ | 5.122$m^3$<br>20mm –3.43$m^3$<br>10mm ––1.13$m^3$ | 40mm – 6.65 $M^3$<br>20mm – 5.84 $M^3$<br>10mm – 1.13 $M^3$ | 6.97 $M^3$ | 5.84$m^3$ | 1.13$m^3$ |
| 2 | SNDP മന്ദിരം സബ് കനാൽ ഇടക്കുഴ വേലിൽ നടപ്പാത | 27.60 $M^3$<br>40Mm – 17.94 $M^3$<br>20mm – 6.624 $M^3$ | 13.80 $M^3$<br>20mm -9.246$m^3$<br>10mm –3.036$m^3$ | 40Mm – 17.94 $M^3$<br>20mm – 15.87 $M^3$<br>10mm – 3.036 $M^3$ | 18.906 $M^3$ | 15.87 $M^3$ | 3.036 $M^3$ |
| 3 | കൊല്ല പ്പള്ളിൽ മുഞ്ഞിനാട്ട് തറയിൽ നടപ്പാത | 27 $M^3$<br>40mm- 17.55 $M^3$<br>20mm- 6.48 $M^3$ | 13.50 $M^3$<br>20mm -9.045$m^3$<br>10mm –2.97$m^3$ | 40Mm -17.55 $M^3$<br>20mm- 15.525$m^3$<br>10mm -2.97 $M^3$ | 18.495 $M^3$ | 15.36$m^3$ | 3.135$m^3$ |
| 4 | കളപ്പുരയിൽ വിശ്വഭവനം നടപ്പാത | 7.70 $M^3$<br>40mm-5.005 $M^3$<br>20mm -1.848$m^3$ | 3.85 $M^3$<br>20mm -2.58$m^3$<br>10mm –0.847$m^3$ | 40Mm -5.005 $M^3$<br>20mm- -4.42 $M^3$<br>10mm -0.847$m^3$ | 5.267 $M^3$ | 4.42$m^3$ | 0.847$m^3$ |
| 5 | കൊച്ചു പുരയിൽ നടപ്പാത | 27 $M^3$<br>40mm- 17.55 $M^3$<br>20mm- 6.48 $M^3$ | 13.50 $M^3$<br>20mm -9.045$m^3$<br>10mm –2.97$m^3$ | 40Mm -17.55 $M^3$<br>20mm- 15.525$m^3$<br>10mm -2.97$m^3$ | 18.495 $M^3$ | 15.525$m^3$ | 2.97 $M^3$ |
| 6 | അഞ്ചുമാമ്മൂട് നടപ്പാത | 12.04$m^3$<br>40Mm – 7.826$m^3$<br>20mm – 2.89$m^3$ | 4.98 $M^3$<br>20mm -3.34$m^3$<br>10mm –1.10$m^3$ | 40Mm -7.826 $M^3$<br>20mm- 6.23 $M^3$<br>10mm -1.10$m^3$ | 7.33 $M^3$ | 6.23$m^3$ | 1.10 $M^3$ |
| 7 | പുത്തൻ പുരയ്ക്കൽ കൊട്ടയ്ക്കാട്ട് നടപ്പാത | 30.60 $M^3$<br>40Mm -19.89$m^3$ | 15.30 $M^3$<br>20Mm -10.25$m^3$<br>10mm –3.37$m^3$ | 40Mm – 19.89$m^3$<br>20mm | 20.961$m^3$ | 17.595$m^3$ | 3.36 $M^3$ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 20mm -7.344 $M^3$ | | -17.595 $M^3$ 10mm -3.366 $M^3$ | | | |
| 8 | നാടാലക്കൽ നടപ്പാത | 18.035 $M^3$ 40Mm -11.723 $M^3$ 20mm -4.33 $M^3$ | 9.015 $M^3$ 20Mm -6.04$m^3$ 10mm -1.983$m^3$ | 40mm- 11.723 $M^3$ 20mm -10.37 $M^3$ 10mm -1.983 $M^3$ | 12.353 $M^3$ | 10.37$m^3$ | 1.983 $M^3$ |

അതിനാൽ മേൽപ്പറഞ്ഞ മറുപടി അംഗീകരിക്കുന്നില്ല.റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 സിമന്റ് കോൺക്രീറ്റിംഗിന് 10mm സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നതിന് പകരം ആ അളവിൽ 20mm സ്റ്റോൺ അഗ്രിഗേറ്റ് അധികമായി ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. അതിനാൽ കുറഞ്ഞ അളവിൽ മെറ്റീരിയൽ ഉപയോഗിച്ച് റോഡ് നിർമ്മിച്ചത് ഗുണമേന്മയെ ബാധിക്കാനിടയാക്കി. പ്രസ്തുത റോഡുകൾ നല്ല രീതിയിൽ തന്നെ നിലനിൽക്കുന്നുണ്ട് എന്ന എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ടെങ്കിലും ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ആവശ്യമായ അളവിൽ 40mm അഗ്രിഗേറ്റ് ഉപയോഗിച്ചില്ല.

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത പുത്തൻ പുരയ്ക്കൽ കൊട്ടയ്ക്കാട്ട് നടപ്പാത കോൺക്രീറ്റിംഗിൽ ആവശ്യമായ അളവിൽ സ്റ്റോൺ അഗ്രിഗേറ്റ് ഉപയോഗിക്കാതിരുന്നത് പ്രവൃത്തിയുടെ ഗുണനിലവാരത്തെ ബാധിക്കാനിടയായി. CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഒരു ഘനമീറ്റർ 1:4:8 സിമൻറ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 40 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.65 $M^3$ ഉം 20 Mm സ്റ്റോൺ അഗ്രിഗേറ്റ് 0.24 ഉം ആവശ്യമാണ്. മേൽ പ്രവൃത്തിയിൽ 1:4:8 സിമന്റ് കോൺക്രീറ്റിംഗ് 30.60 $M^3$ ചെയ്തിട്ടുണ്ട്. CPWD സ്പെസിഫിക്കേഷൻ 4.1.8 പ്രകാരം 1:4:8 അനുപാതത്തിൽ 30.60 M3 സിമന്റ് കോൺക്രീറ്റിംഗ് ചെയ്യുന്നതിന് 19.89 $M^3$ (30.60 X 0.65) 40 Mm സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമാണ്. എന്നാൽ ടി പ്രവൃത്തിയിൽ സ്റ്റാക്ക് മെഷർമെന്റ് പ്രകാരം 17.619 $M^3$ മാത്രമാണ് ഉപയോഗിച്ചിട്ടുള്ളത് (അളവു പുസ്തകം 254/19-20). കുറവ് - 2.271 $M^3$. കുറഞ്ഞ അളവിൽ മെറ്റീരിയൽ ഉപയോഗിച്ച് റോഡ് നിർമ്മിച്ചത് ഗുണമേന്മയെ ബാധിക്കാനിടയാക്കി. പ്രസ്തുത റോഡുകൾ നല്ല രീതിയിൽ തന്നെ നിലനിൽക്കുന്നുണ്ട് എന്ന എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിട്ടുണ്ടെങ്കിലും ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നില്ല

തൊഴിലുറപ്പപദ്ധതിയിൽപ്പെടുത്തി ചെയ്ത ഒട്ടുമിക്ക പ്രവൃത്തികളുടേയും ഫൈനൽ ബില്ലിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതിന് 5000/- രൂപ കാണിച്ചിട്ടുണ്ടെങ്കിലും ടി തുക ആർക്കെങ്കിലും നൽകിയതായോ ബോർഡ് സ്ഥാപിച്ചതായോ കാണുന്നില്ല. ബോർഡ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റിൽ 4000/- രൂപ വകയിരുത്തുമ്പോൾ ഫൈനൽ ബില്ലിൽ 5000/- രൂപയാണ് കാണിച്ചിരിക്കുന്നത്. ബോർഡ് സ്ഥാപിക്കാതെ, സ്ഥാപിച്ചതായി കാണിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതിയുടെ നിർവ്വഹണത്തിൽ സുതാര്യതയും സദ്ഭരണവും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി തൊഴിലുറപ്പപദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളുടേയും സ്ഥലങ്ങളിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് നിർബന്ധമായും സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ബോർഡ് സ്ഥാപിക്കുന്നതിൽ കാലതാമസം നേരിടുന്നത് ഒഴിവാക്കാൻ മിഷൻ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/01-03-23) തുടർന്ന് വരുന്ന എല്ലാ പ്രവൃത്തികൾക്കും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-29 സിമന്റിന് യഥാർത്ഥ വിലയേക്കാൾ വളരെ ഉയർന്ന നിരക്ക് നൽകി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവർത്തികൾക്ക് സെക്യൂർ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ പോർട്ട് ലാന്റ് സിമന്റിന് ഒരു ടണ്ണിന് 12288/- രൂപയാണ് (50 കിലോഗ്രാമിന്റെ ഒരു ചാക്കിന് 614.40രൂപ) അനുവദിച്ചു നൽകിയിട്ടുള്ളത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-430/- രൂപ മാത്രമായിരുന്നു. സിമന്റിന് യഥാർത്ഥ വിലയേക്കാൾ ഉയർന്ന നിരക്കിൽ വില അനുവദിച്ച് നൽകിയത് മൂലം അധിക ചെലവുണ്ടായി. പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | അളവു പുസ്തകം | ഒരു ചാക്കിന് 614. രൂപ നിരക്കിൽ നൽകിയ തുക | മാർക്കറ്റ് നിരക്കിൽ അനുവദനീയമായ തുക @410/ബാഗ് | അധികം | ഫണ്ട് കൈമാറ്റം ചെയ്ത തീയതി |
|---|---|---|---|---|---|---|---|
| 1 | SNDP കബീർ മൻസിൽ | രജി.സി. വർഗ്ഗീസ് | 79/21-22 | 110 @614 = 67540 | 110 @410= 45100 | 22240 | 31-03-22 രൂപ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | നടപ്പാത നിർമ്മാണം | | | | | | 212456/- | |

സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ആലപ്പുഴ ജില്ലാ ഓംബുഡ്സ് മാന്റെ 08-07-22 ലെ OMB/ALP/AW/20/2022-ാം നമ്പർ നടപടിക്രമത്തിൽ സിമന്റിന് യഥാർത്ഥ വിലയ്ക്കു പകരം സെക്യൂർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് (LMR)നൽകാൻ പാടില്ലായെന്നും നിലവിൽ കുടിശ്ശികയായിരിക്കുന്ന മുഴുവൻ പൊതു/വ്യക്തിഗത ആസ്തികൾക്കും ഇതു ബാധകമാണെന്നും, ഈ മാനദണ്ഡങ്ങൾ പാലിച്ചു മാത്രമെ, FTO ജനറേറ്റ് ചെയ്യാൻ പാടുള്ളുവെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കരാറുകാരൻ സിമന്റ് വാങ്ങിയതിന് ഹാജരാക്കിയ ബില്ലിൽ 50 കിലോഗ്രാമിന്റെ ഒരു ചാക്കിന് GSTഉൾപ്പെടെ 615രൂപയാണ് കാണിച്ചിരിക്കുന്നത്. സിമന്റ് വില ഏറ്റവും കൂടുതൽ വന്നപ്പോഴും, പരമാവധി മാർക്കറ്റ് വില ഒരു ചാക്കിന് 400-425/- രൂപ മാത്രമായിരുന്നു. (തൊഴുത്ത് നിർമ്മാണത്തിന് ഗുണഭോക്താവായ രശ്മിജനാർദ്ദനൻ ഹാജരാക്കിയ ചാപ്രയിൽ ഹാർഡ് വെയേഴ്സിന്റെ 04-02-22ലെ 62-നമ്പർ ബിൽ പ്രകാരം രാകോം സിമന്റിന്റെ വില ഒരു ചാക്കിന് 400രൂപ ആയിരുന്നു.) ഇതിൽ നിന്നും സിമന്റിന് ഉയർന്ന നിരക്ക് ലഭിക്കുവാൻ വേണ്ടി ബില്ല് തയ്യാറാക്കിയതാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. യഥാർത്ഥ വിലയേക്കാൾ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 29/1-03-23) കരാറുകാരിൽ നിന്നും അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-30 SNDP കബീർ മൻസിൽ നടപ്പാത നിർമ്മാണം- ക്വാറിമക്കിന് അധികം നൽകിയത് 3900/-

തൊഴിലുറപ്പുപദ്ധതിയിൽപ്പെടുത്തി ചെയ്ത SNDP കബീർ മൻസിൽ നടപ്പാത നിർമ്മാണം എന്ന പ്രവൃത്തിക്ക് മെറ്റീരിയൽ സപ്ലൈ ചെയ്തിരിക്കുന്നത് കരാറുകാരനായ ശ്രീ. റെജി.സി വർഗ്ഗീസാണ്. അളവു പുസ്തകം 79/21-22 ൽ മേൽപ്രവൃത്തിക്ക് ആവശ്യമായ ക്വാറിമക്ക് സ്റ്റാക്ക് ചെയ്തിന്റെ അളവ് രേഖപ്പെടുത്തിയതനുസരിച്ച് സ്റ്റാക്ക് അളവിൽ നിന്നും വോയ്ഡ്സ് കുറവു ചെയ്തതിനു ശേഷം വരുന്ന അളവ് 40.50 $M^3$ ആണ്. എന്നാൽ കരാറുകാരന് അനുവദിച്ചിരിക്കുന്നത് 43.50$m^3$ (58x3x0.25 = 43.50 $M^3$) അളവിന് @1300/$m^3$ നിരക്കിൽ 56550/- രൂപയാണ്. അധികം അനുവദിച്ച 3$m^3$ ക്വാറിമക്കിന്റെ വിലയായ 3900/- രൂപ (3@1300) കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. (ചെലവു വിവരം ബിൽ നമ്പർ 340046/31-03-22 രൂപ 212456/-)ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/01-03-23) ടി തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . തുക ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്.

## 1-31 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ-ചെലവ് രേഖകൾ പൂർണ്ണമായും ഹാജരാക്കിയില്ല

പ്രോജക്ട് നം - S0147/22

പ്രോജക്ടിന്റെപേര് - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് | 458006 | 357548 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 100000 | 29952 |
| ആകെ | 558006 | 387500 |

ചെലവിൽ അപാകതയുള്ളതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ബിൽ നം.240/15.3.22 തുക.69983/- (ധനകാര്യകമ്മീഷൻ അവാർഡ്)

69983/-രൂപ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) യുടെ 707091400000027 നം.അക്കൗണ്ടിൽ നൽകി. എന്നാൽ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 34/01.03.23) മറുപടി ലഭ്യമാക്കിയില്ല.ചെലവ് തുക 69983/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-32 ഐ.കെ.എം. വിഹിതം - വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം - S0001/22

പ്രോജക്ടിന്റെ പേര് - ഐ.കെ.എം. വിഹിതം

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തൽ

വികസനഫണ്ട് - 57395/-

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ എസ്.ബി.ഐ, നന്ദൻകോട് പേർസണൽ ബാങ്കിംഗ് ശാഖ, 57047023512 നം.അക്കൗണ്ടിൽ ഐ.കെ.എം. വിഹിതം 57395/-രൂപ നൽകി. (ബിൽ നം.8/21-22/26.07.21 തുക.57395/-).എന്നാൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 1/ 24.02.23),ഐ.കെ.എം ന് കത്ത് നൽകിയിട്ടുണ്ട്, സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ചെലവ് തുക 57395/-രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-33 വീടുകൾക്ക് മേൽക്കൂര മാറ്റി മെച്ചപ്പെട്ട മേൽക്കൂര നിർമ്മിക്കൽ- പ്രവൃത്തി പൂർത്തീകരിച്ചില്ല

2021-22 സാമ്പത്തികവർഷം ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും 1050000/-രൂപ വകയിരുത്തി വി.ഇ.ഒ. നിർവ്വഹണം ചെയ്ത പ്രോജക്ടാണ് വീടുകൾക്ക് മേൽക്കൂര മാറ്റി മെച്ചപ്പെട്ട മേൽക്കൂര നിർമ്മിക്കൽ(പ്രോജക്ട് നം S0096/22). പ്രവൃത്തിയ്ക്കായി 75000/-രൂപ വീതം നൽകുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് പ്രകാരം 13 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. താഴെ ചേർക്കുന്ന ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയെങ്കിലും പ്രവൃത്തി ചെയ്തിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | വാർഡ് നം | കൈപ്പറ്റിയ തുക | ബിൽ നം./ തീയതി |
|---|---|---|---|---|
| 1 | വിജയൻ.എൻ ഐക്കരപ്പടി | 4 | 25000 | XVFC/21-22 /P/24/30.3.22 |
| 2 | വിമലമ്മ പുത്തൻവീട് | 8 | 25000 | XVFC/21-22 /P/14/17.3.22 |

പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 13/28.02.23), പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ചെലവ് തുക 50000/-രൂപ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ച് മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 മരുന്ന് പൂർണ്ണമായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) നിർവഹണം നടത്തിയ പാലിയേറ്റീവ് കെയർ(S0085/22) പ്രോജക്ടിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനായി മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയും മരുന്നുകൾ പൂർണ്ണമായും ലഭിക്കാത്തതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

അടങ്കൽ-769640/-

(വികസന ഫണ്ട്-669640, ബ്ളോക്ക് വിഹിതം-100000)

ചെലവ്-723963/-

(623980+99983)

| ബിൽ നം/തീയതി /തുക | പ്രഫോർമ ഇൻവോയിസ് നമ്പർ/തീയതി/തുക | ഇൻവോയിസുകൾ പ്രകാരം ലഭിച്ച മരുന്നുകളുടെ വിവരം | ലഭിക്കാനുള്ള മരുന്നിന്റെ വില |
|---|---|---|---|
| 103/24.11.21-200000/- | PRF3444/19.11.2021-200000/- | 1)Invoice No.16135/ 5.11.2022-5726/-<br>2)Invoice No 9176/24.8.2022-8140/-<br>3)Invoice No 9791/31.8.2022-18098/-<br>4)Invoice No 7076/28.7.2022-4930/-<br>5)Invoice No 13144/16.2.2022-43930/-<br>6)Invoice No 12178/01.2.2022-4881/-<br>7)Invoice No 11052/10.1.2022-7817/-<br>8).Invoice No 15186/23.3.2022-85821/-<br>-----------<br>179343<br>---------- | . 20657 |
| ചെക്ക് നം JY0802734/ 14.03.2022 | PRF3476/22.11.2021-99983/- | 1) Invoice No.5551/4.7.2022-15378/-<br>1) Invoice No.8938/22.8.2022-61550/-<br>---------- | 23055 |

| | | | |
|---|---|---|---|
| | | 76928<br>------------ | |
| ആകെ | | | 43712/- |

മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ഹാജരാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(11/28.2.2023) നൽകിയതിന് മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാകുന്നതു വരെ 43712/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 ഗുഡ് ഇംഗ്ളീഷ് – അപാകതകൾ

പ്രോജക്റ്റ് നം - S0083/22

പ്രോജക്ടിന്റെ പേര് -ഗുഡ് ഇംഗ്ളീഷ്

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്

തനത് ഫണ്ട് - 50000/-

ചെലവ് - ചെക്ക് നം.1437785/26.03.22. തുക. 50000/-

2021-22 സാമ്പത്തികവർഷം ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ, ചേപ്പാട് സൗത്ത് നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം, 20 പഠിതാക്കൾക്ക് രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഇനത്തിൽ ഉൾപ്പെടുത്തി ഒരു പഠിതാവിന് 2500/-രൂപ പ്രകാരം 20 പഠിതാക്കൾക്ക് 50000/-രൂപ, കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടവാക്കിയിട്ടുണ്ട്. 20 പഠിതാക്കളുടെയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പഠിതാക്കൾ ക്ളാസിൽ പങ്കെടുത്തതിന്റെ രേഖകൾ ഇല്ല.

2) പരീക്ഷയിൽ പങ്കെടുത്ത പഠിതാക്കളുടെ വിവരമില്ല.

3) പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) കേരള സംസ്ഥാന സാക്ഷരതാമിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/01.03.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 50000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 സാക്ഷരത തുല്യത പഠനം-രേഖകൾ പൂർണ്ണമായി ഹാജരാക്കിയില്ല

പ്രോജക്റ്റ് നം - S0082/22

പ്രോജക്ടിന്റെ പേര് - സാക്ഷരത തുല്യത പഠനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്

തനത് ഫണ്ട് - 50000/-

ചെലവ് - ചെക്ക് നം.1437785/26.03.22. തുക. 46850/-

ഗവ.എൽ.പി.സ്കൂൾ, ചേപ്പാട് സൗത്ത് ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ മേൽ പ്രോജക്റ്റ് പ്രകാരം, പത്താം തരം തുല്യതയ്ക്ക് 5 പഠിതാക്കൾക്കായി, 1850/- രൂപാ വീതം 9250/-രൂപ(1850X5), ഹയർ സെക്കന്ററി തുല്യത ഒന്നാം വർഷത്തേയ്ക്ക് 8 പഠിതാക്കൾക്കായി, 2500/- രൂപാ വീതം 20000/-രൂപ(2500X8), രണ്ടാംവർഷത്തേയ്ക്ക് 8 പഠിതാക്കൾക്കായി, 2200/- രൂപാ വീതം 17600/-രൂപ(2200X8), ഉൾപ്പടെ ആകെ 46850/- രൂപ, രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ്, പരീക്ഷാഫീസ് ഇനത്തിൽ കേരള സംസ്ഥാന സാക്ഷരതാമിഷനിൽ അടച്ചിട്ടുണ്ട്. എന്നാൽ പഠിതാക്കളെ രജിസ്റ്റർ ചെയ്തതിന്റെ രേഖ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പഠിതാക്കൾ ക്ളാസിൽ പങ്കെടുത്തതിന്റെ രേഖകൾ ഇല്ല.

2) പരീക്ഷയിൽ പങ്കെടുത്ത പഠിതാക്കളുടെ വിവരമില്ല.

3) പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4) കേരള സംസ്ഥാന സാക്ഷരതാമിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം പരിശോധനയക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27/01.03.23) മറുപടി ലഭ്യമാക്കിയില്ല. ചെലവ് തുക 46850/- തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-37 ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ -ലഭ്യമായില്ല

പ്രോജക്റ്റ് നം - S 0189/22

പ്രോജക്ടിന്റെപേര് -ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, വെയിംഗ് മെഷീൻ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 235319 | 39797 |

| | | |
|---|---|---|
| തനത് ഫണ്ട് | 64681 | 0 |
| ആകെ | 300000 | 39797 |

ചെലവ്

ബിൽ നം.44/21-22/31.03.22 തുക.39797/-

ഘടകസ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, വെയിംഗ് മെഷീൻ, ഫോട്ടോകോപ്പിയർ എന്നിവ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ അക്കൗണ്ടിൽ (അക്കൗണ്ട് നം.799011400003959, സബ് ട്രഷറി, വെള്ളയമ്പലം) 39797/-രൂപ നൽകി.

എന്നാൽ കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ ലഭ്യമായിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/24.02.23), ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ചെലവ് തുക 39797/-രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നിയമാനുസൃതം കരാറിൽ ഏർപ്പെട്ടില്ല-സംസ്ഥാന സർക്കാരിന് 1200/- രൂപ നഷ്ടം-

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്കു നൽകുന്നതുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾപ്പെട്ടവർക്ക് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും അവരിൽ നിന്ന് നിശ്ചിത മൂല്യത്തിലുള്ള മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

| ക്രമ നം | പേര് | കെട്ടിടനമ്പർ | ഈടാക്കേണ്ടിയിരുന്ന മുദ്രപത്രവില |
|---|---|---|---|
| 1 | വിജയകുമാരക്കുറുപ്പ്, മഞ്ചാടിയിൽ | 1/323,325 | 200 |
| 2 | സലീക്കത്ത് ബീവി, സിയാദ് ഭവനം | 1/326 | 200 |
| 3 | സെക്രട്ടറി SCB2259 | 1/328,329,331 | 200 |
| 4 | ടി.ആർ.വേണുഗോപാൽ, തോട്ടുപുറത്ത് | 1/337 | 200 |
| 5 | മീനു വർഗീസ്, മുല്ലന്താനത്ത് | 1/335 | 200 |
| 6 | ബോബൻ ഡാനിയൽ, നിഷാഭവൻ | 1/336 | 200 |
| ആകെ | | | 1200/- |

വാടകകരാർ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. (18/28.2.2023)നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല.

പഞ്ചായത്തിന്റെ ആസ്തികളിൻമേലുള്ള ഇടപാടുകളിൽ നിയമപ്രകാരം കരാർ ചമയ്ക്കാത്തത്, അതിൻമേൽ ഉണ്ടാകാനിടയുള്ള നഷ്ടം ഈടാക്കുന്നതിന് നിയമസാധുത ഇല്ലാതാക്കുക മാത്രമല്ല സ്റ്റാമ്പ് നികുതി ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട വരുമാനവും ഇത്തരം നടപടികളിലൂടെ നഷ്ടപ്പെടുന്നു. തുടർ വർഷങ്ങളിൽ വാടകക്കാരുമായും, പഞ്ചായത്തിന്റെ ആസ്തികൾ ലേലത്തിൽ ഏറ്റെടുക്കുന്നവരുമായും നിയമപ്രകാരം കരാറിൽ ഏർപ്പെടേണ്ടതാണ്.

.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്ഷേമപെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യാതിരുന്നതിനാൽ സംസ്ഥാന സർക്കാരിന് നഷ്ടം

പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും 2021-22 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും ഒത്തുനോക്കിയതിൽ മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ സേവന ഡേറ്റാ ബേസിൽനിന്നും യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നില്ല.ഗുണഭോക്താക്കൾ മരണപ്പെട്ടാൽ തൊട്ടടുത്ത മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണെങ്കിലും പഞ്ചായത്തിൽ ഇതിന് കാലതാമസം ഉള്ളതായി കാണുന്നു.

ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു .

1) ദേശസാൽകൃതബാങ്കുകളിലേക്ക് മരണശേഷവും പെൻഷൻ തുക നല്കിയിട്ടുള്ളവരുടെ വിവരം

| ക്രമനം | പേര് /വിലാസം | മരിച്ച തീയതി/ രജിസ്റ്റർ | പെൻഷൻതരം /ഐഡി | അനർഹമായ കാലയളവിൽ ബാങ്കിലേക്ക് |
|---|---|---|---|---|

| | | ചെയ്ത തീയതി | | നല്കിയ തുക |
|---|---|---|---|---|
| 1 | രാധാകൃഷ്ണൻ നായർ ,തഴവള്ളിൽ തെക്കേതിൽ ,നങ്ങ്യാർ കുളങ്ങര | 12.04.2021/ 22/05/2021 | വാർദ്ധക്യകാല പെൻഷൻ 104940201101 | 5/2021-12/2022 വരെ 20*1600 =36000/- |
| 2 | ഫാത്തിമ കുഞ്ഞ് ,പുത്തൂർ വടക്കതിൽ,മുട്ടം | 21.5.2021/ 29/6/2021 | വാർദ്ധക്യകാല പെൻഷൻ 104940200356 | 06/2021-12/2022വരെ (1600*19) =30400 |
| 3 | വാസുദേവൻ,നമ്പലശ്ശേരിൽ കിഴക്കതിൽ,മുട്ടം | 19.08.2021/ 11/10/2022 | കർഷകത്തൊഴിലാളി പെൻഷൻ 104940100919 | 9/2021-12/2022 വരെ 25600/- |
| 4 | രാജമ്മ ,ചെങ്കിലത്തുകളത്തിൽ,മുട്ടം | 03/12/2021 16/12/2021 | വാർദ്ധക്യകാല പെൻഷൻ 104940201063 | 1/2022-12/2022 വരെ 600*12= 7200 |
| ആകെ | | | | 99200/- |

മേൽ സൂചിപ്പിച്ച വ്യക്തികളുടെ ക്ഷേമ പെൻഷൻ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്ത് അനർഹമായ കാലയളവിലേക്ക് നൽകിയ പെൻഷൻ തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി കേരളബാങ്കിലെ പെൻഷൻ അക്കൌണ്ടിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം (28/01.02.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവനഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

1) പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

2) മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

